എം.എൽ.എ. മാരുടെ ഓഫീസ് കാര്യങ്ങൾ നോക്കുന്നതിന് ഗവൺമെൻറ് ചെലവിൽ ഓരോ ക്ലാർക്കുമാരെ നിയമിക്കുന്നതിന് ഗവൺമെൻറ് നടപടികൾ എടുക്കുമോ?

ഉത്തരം

എം.എൽ.എ. മാരുടെ ഓഫീസ് കാര്യങ്ങൾ നോക്കുന്നതിന് ഗവൺമെൻറു ചെലവിൽ ഓരോ ക്ലാർക്കുമാരെ നിയമിക്കേണ്ടതുണ്ടെന്ന് ഗവൺമെൻറു കരുതുന്നില്ല.

ഫോട്ടോഗ്രാഫർമാർക്ക് ഗ്രേഡ്

1372 [2225] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെൻറിലെ ഫോട്ടോഗ്രാഫർമാർക്കു ഗ്രേഡ് നൽകണമെന്ന പേ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പേ കമ്മീഷൻ റിപ്പോർട്ട് അതേപടി ഗവൺമെൻറ് അംഗീകരിച്ചിട്ടും പേ റിവിഷൻ ഓർഡറിൽ ഫോട്ടോഗ്രാഫർമാരുടെ ഗ്രേഡുകളെപ്പറ്റി പരാമർശിക്കാതിരുന്നതിൻെറ കാരണം വ്യക്തമാക്കാമോ;

(സി) ഫോട്ടോഗ്രാഫർമാരെപ്പറ്റി പേ കമ്മീഷനിൽ പറഞ്ഞിരുന്ന ശുപാർശകൾ നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫോട്ടോഗ്രാഫർമാരുടെ ഗ്രേഡ് നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന അറുപതോളം പേരുടെ സർവ്വീസിൻെറ വിശദാംശങ്ങൾ ശേഖരിക്കേണ്ടതുണ്ട്. അതിനുവേണ്ട നടപടികൾ പൊതുഭരണവകുപ്പിൽ പുരോഗമിച്ചുവരുന്നു.

(സി) നടപ്പിലാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

വിദ്യുച്ഛക്തി കണക്ഷൻ കിട്ടാൻ കാലതാമസം

1373 [2227] ശ്രീ. സി.എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ല, പാലക്കാട് താലൂക്ക് മങ്കര വില്ലേജിൽ കണ്ണമ്പരിയാവാരം ദേശത്ത് കർഷകർക്ക് വീട്ടാവശ്യത്തിനും കൃഷിക്കും വിദ്യുച്ഛക്തി കണക്ഷൻ കിട്ടാൻ ആവശ്യപ്പെട്ട് 7 കൊല്ലം കഴിഞ്ഞിട്ടും അധികൃതർ അനാസ്ഥ കാണിക്കുന്നതും, 25.5.1978-ൽ ജില്ലാ വികസനസമിതി പ്രമേയം പാസ്സാക്കിയിട്ടും നടപടി എടുക്കാത്തതും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് അടിയന്തിര നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പറളി ഇലക്ട്രിക്കൽ സെക്ഷനിലെ വർക്കുകളിൽ മുൻഗണന അനുസരിച്ച് ഇത് രണ്ടാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. 39800 രൂപായുടെ എസ്റ്റിമേറ്റും അനുവദിച്ചിട്ടുണ്ട്. സാമഗ്രികൾ കിട്ടുന്നതിനനുസരിച്ച് ജോലികൾ പൂർത്തിയാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly